പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4913 26.06.2019-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി. യുടെ ധനസ്ഥിതി

ചോദ്യം

ശ്രീ.രാജു എബ്രഹാം

മറുപടി

ശ്രീ. എ.കെ. ശശീന്ദ്രൻ

(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി.യുടെ ഇപ്പോഴത്തെ ധനസ്ഥിതി വിശദമാക്കാമോ; | (എ) | കെ.എസ്.ആർ.ടി.സി.യിൽ 2019 മെയ് മാസം 202.14 കോടി രൂപ വരുമാനമുണ്ടായിരുന്നു. എന്നാൽ ചെലവ് 233.28 കോടി രൂപയാണ്. കെ.എസ്.ആർ.ടി.സി.യിലെ പ്രതിമാസ പെൻഷൻ തുകയായ എകദേശം 61 കോടി രൂപ പ്രാഥമിക കാർഷിക സഹകരണ ബാങ്കുകളുടെ കൺസോർഷ്യം മുഖേന വിതരണം ചെയ്യുന്നതിനാൽ, ടി തുക ചെലവ് ഇനത്തിൽ ഉൾക്കൊള്ളിക്കാതെയുള്ള കെ.എസ്.ആർ.ടി.സി.യുടെ 2019 മെയ് മാസത്തെ നഷ്ടം 31.14 കോടി രൂപയാണ്. |
| (ബി) | ദിവസേന എത്ര രൂപ വരവുണ്ട്; എത്ര രൂപ ചെലവുണ്ട്; വരവിനെ അധികരിച്ചുള്ള ചെലവ് എങ്ങനെ നിർവ്വഹിക്കുന്നു; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | 2019 മെയ് മാസത്തെ ശരാശരി പ്രതിദിന വരവ് 6.50 കോടി രൂപയും, പെൻഷൻ ഇനത്തിലുള്ള ചെലവ് കണക്കാക്കാതെയുള്ള പ്രതിദിന ചെലവ് ശരാശരി 7.6 കോടി രൂപയുമാണ്. സർക്കാർ വായ്പകളുടെ സഹായത്തോടെ പെൻഷനും ശമ്പളവും മുടക്കം കൂടാതെ നൽകി വരുന്നു. |
| (സി) | കെ.എസ്.ആർ.ടി.സി. യുടെ നഷ്ടം നികത്താൻ എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്; | (സി) | കെ.എസ്.ആർ.ടി.സി.യെ പുനരുദ്ധരിക്കുന്നതിനായി സർക്കാർ നിയമിച്ച പ്രൊഫ.സുശീൽ ഖന്നയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ നിരവധി നടപടികൾ മാനേജ്മെന്റ് സ്വീകരിച്ചു വരുന്നു. സാമ്പത്തിക പുനഃക്രമീകരണത്തിന്റെ ഭാഗമായി, കൂടിയ പലിശനിരക്കിലും കുറഞ്ഞകാല തിരിച്ചടവിലും കെ.എസ്. ആർ.ടി.സി എടുത്തിട്ടുണ്ടായിരുന്ന വായ്പകൾ പൊതുമേഖലാ ബാങ്കുകളുടെ കൺസോർഷ്യത്തിലേക്ക് മാറ്റി കഴിഞ്ഞു. ഇതു പ്രകാരം കെ.എസ്.ആർ.ടി.സി.യ്ക്ക് ദീർഘകാല വായ്പ |

| | | | |
|---|---|---|---|
| | | | യായി 9.2 ശതമാനം പലിശ ഇനത്തിലും 20 വർഷത്തെ തിരിച്ചടവ് കാലാവധിയിലും, 3100 കോടി രൂപ പൊതുമേഖലാ ബാങ്കുകൾ അനുവദിക്കുകയും പ്രസ്തുത തുക കൊണ്ട് നിലവിലുണ്ടായിരുന്ന വായ്പാ കടങ്ങൾ അടച്ചു തീർക്കുകയും ചെയ്തു. ഇതിന്റെ ഫലമായി വായ്പാ തിരിച്ചടവിനത്തിൽ പ്രതിമാസം ചെലവാക്കിയിരുന്ന തുകയിൽ ഗണ്യമായ കുറവുണ്ടായി. കെ.എസ്.ആർ.ടി.സി.യുടെ പെൻഷൻ വിതരണം മുടക്കം കൂടാതെ നടത്തുന്നതിനായി, സർക്കാർ മുൻകൈയെടുത്ത് പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെ കൺസോർഷ്യം രൂപീകരിക്കുകയും അവ മുഖേന പെൻഷൻ വിതരണം നടത്തി വരികയുമാണ്. സാമ്പത്തിക ബുദ്ധിമുട്ട് കണക്കിലെടുത്ത്, കെ.എസ്.ആർ.ടി.സി.യിൽ ശമ്പളവും വേതനവും വിതരണം ചെയ്യുന്നതിനായി പ്രതിമാസം 20 കോടി രൂപയുടെ വായ്പ സർക്കാർ നിലവിൽ അനുവദിക്കുന്നുണ്ട്.<br><br>കെ.എസ്.ആർ.ടി.സി.യുടെ നഷ്ടം നികത്തുന്നതിനായി നിരവധി പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. സർവ്വീസ് ഓപ്പറേഷൻ സംബന്ധിച്ച്, വരുമാനം കുറവുള്ള സർവ്വീസുകളെ പുനഃക്രമീകരിക്കുന്ന പദ്ധതി നടത്തി വരുന്നു. കൂടാതെ കെ.എസ്.ആർ.ടി.സി.യുടെ മുഴുവൻ ഷെഡ്യൂളുകളുടെയും ഡ്യൂട്ടി പാറ്റേൺ ഏകീകരിക്കുന്നതിനും, ഷെഡ്യൂളുകൾ ശാസ്ത്രീയമായി പരിഷ്കരിച്ച് ജീവനക്കാരുടെ മാനവ വിഭവശേഷി പൂർണ്ണമായും ഉപയോഗപ്പെടുത്തുന്നതിനും വേണ്ടി നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഡ്യൂട്ടി പരിഷ്കരണത്തിലൂടെ മെയിന്റനൻസിനായി പകൽ സമയം ബസ്സുകൾ പിടിച്ചിടുന്നത് ഒഴിവായതിലൂടെ കുറഞ്ഞത് 100 ബസ്സുകൾ എങ്കിലും പ്രതിദിനം അധികമായി സർവ്വീസിന് നൽകാനും കഴിയുന്നുണ്ട്. സമാന്തര സർവ്വീസുകൾ നിയന്ത്രിക്കുന്നതിന് ഗതാഗത കമ്മീഷണറേറ്റും, പോലീസും, കെ.എസ്.ആർ.ടി.സി.യും ചേർന്ന് സ്ക്വാഡ് രൂപീകരിക്കുകയും, ആയത് ഫലപ്രദമായി |

| | | | |
|---|---|---|---|
| | | | പ്രവർത്തിച്ചതും മൂലം കെ.എസ്.ആർ.ടി.സി.യുടെ വരുമാനം വർദ്ധിച്ചിട്ടുണ്ട്. വരുമാന വർദ്ധനവ് ലക്ഷ്യമിട്ട് കൂടുതൽ ചെയിൻ സർവ്വീസുകൾ വിവിധ മേഖലകളിൽ ആരംഭിച്ചിട്ടുണ്ട്. കൂടാതെ കേരളത്തിലെ പ്രധാന സ്ഥലങ്ങളെ തമ്മിൽ ബന്ധിപ്പിച്ചുകൊണ്ട് 'ചിൽ ബസ്' എന്ന പേരിൽ എ.സി. ബസ്സുകൾ ഉപയോഗിച്ച് സർവ്വീസുകൾ ഒരു മണിക്കൂർ ഇടവേളകളിൽ നടത്തി വരുന്നു. ടി എയർ കണ്ടീഷൻഡ് സർവ്വീസുകൾ കൃത്യനിഷ്ഠ പുലർത്തുന്നതിനാലും, കാര്യക്ഷമമായി നടത്തുവാൻ കഴിഞ്ഞതിനാലും കൂടുതൽ യാത്രക്കാരെ ആകർഷിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.യിൽ 10 ഇലക്ട്രിക് ബസ്സുകൾ വാടക അടിസ്ഥാനത്തിൽ ലഭ്യമാക്കി സർവ്വീസ് നടത്തി വരുന്നു. പരിസ്ഥിതി സൗഹാർദ്ദവും, ശബ്ദ രഹിതവും ആയ ഇത്തരം ബസ്സുകളിലൂടെ കൂടുതൽ യാത്രക്കാരെ ആകർഷിക്കുന്നതിനും, യാത്രക്കാർക്ക് കൂടുതൽ സുഖകരമായ യാത്രാസൗകര്യം പ്രദാനം ചെയ്യുന്നതിനും കഴിഞ്ഞിട്ടുണ്ട്. മെക്കാനിക്കൽ വിഭാഗം ജീവനക്കാരുടെ ജോലിസമയം ക്രമീകരിച്ച് വാഹനങ്ങൾക്ക് യഥാസമയം മെയിന്റനൻസ് പൂർത്തീകരിക്കുന്നതിനുള്ള ക്രമീകരണം നടത്തിയതു മൂലം ജീവനക്കാർ idle ചെയ്യുന്നത് ഒഴിവാക്കുന്നതിന് സാധിച്ചിട്ടുണ്ട്. പ്രൊഡക്ടിവിറ്റി വർദ്ധിപ്പിക്കുന്നതിനും, പുതിയ വർക്ക് നോംസ് തയ്യാറാക്കുന്നതിനുമായി സ്റ്റേറ്റ് പ്രൊഡക്ടിവിറ്റി കൗൺസിലിനെ ഏൽപ്പിച്ചതിനെത്തുടർന്ന് അവർ നൽകിയ കരട് റിപ്പോർട്ടിലെ ശിപാർശകൾ നടപ്പിലാക്കുന്നത് പുരോഗതിയിലാണ്. ഫ്ലോട്ട് യൂണിറ്റുകൾ ലഭ്യമാക്കുന്നതിന് സാധിച്ചിട്ടുണ്ട്. ഇന്ധനക്ഷമത ദേശീയ ശരാശരിയിലേക്ക് എത്തിക്കുന്നതിലേക്കായി ഡ്രൈവർമാർക്ക് ട്രെയിനിംഗ് നൽകുകയും അതോടൊപ്പം തന്നെ ഡിപ്പോ മോണിറ്ററിംഗ് ശക്തിപ്പെടുത്തി ഇന്ധനക്ഷമത കൈവരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തി വരികയുമാണ്. ഇൻവെന്ററി കൺട്രോൾ എകീകരിക്കുക, |

| | | | |
|---|---|---|---|
| | | | കമ്പ്യൂട്ടർവൽക്കരണം നടപ്പിലാക്കുക മുതലായ ശിപാർശകളിന്മേൽ നടപടി ആരംഭിക്കുകയും ആയത് പുരോഗതിയില്ലു മാണ്. ഡിപ്പോ വർക്ക്ഷോപ്പുകൾ ആധുനികവത്കരിക്കുന്നതിന്റെ ഭാഗമായി ആധുനിക ഉപകരണങ്ങൾ വാങ്ങി നൽകുകയും ആയതിന്റെ പ്രവർത്തന മികവ് വിലയിരുത്തുകയും ചെയ്തു വരുന്നു. ബസിന്റെ നിർമ്മിതിയുടെ അടിസ്ഥാനത്തിൽ വർക്ക് ഷോപ്പുകളുടെ പ്രവർത്തനം എകീകരിക്കുന്നതിനുള്ള നടപടിക്രമങ്ങളും നടപ്പിലാക്കി വരുന്നു. |
| (ഡി) | ഇപ്പോൾ നടപ്പാക്കിയ ഷെഡ്യൂൾ പരിഷ്ക്കരണം കൊണ്ട് കെ.എസ്. ആർ.ടി.സി. ക്ക് ഉണ്ടായ നേട്ടം വിശദമാക്കാമോ? | (ഡി) | വരുമാനക്കുറവുള്ള സർവ്വീസുകൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും, വരുമാനം ആനുപാതികമായി വർദ്ധിപ്പിക്കുന്നതിനും സാധിച്ചിട്ടുണ്ട്. മാനവവിഭവശേഷി കൂടുതൽ ഉപയോഗപ്പെടുത്തുന്നതിനായി നടത്തിയ ഈ പരിഷ്കരണത്തിലൂടെ ജീവനക്കാരുടെ ലഭ്യത ഉറപ്പ് വരുത്താനും കൂടുതൽ സർവ്വീസുകൾ നടത്താനും സാധിച്ചിട്ടുണ്ട്. വാടകബസ്സുകൾ ലഭ്യമാക്കിയതിലൂടെ സർവ്വീസ് നടത്തിപ്പ് ചെലവ് താരതമ്യേന കുറയ്ക്കുന്നതിനും സാധിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**